മെയ് 2021 Price ₹ 25

# ജീവനും വെളിച്ചവും



പ്രകാശം പരത്തുന്ന തൊഴിലാളി...!


തിരുവനന്തപുരം ലത്തീൻ അതിരൂപത
മാര്യേജ് ബ്യൂറോ
ക്രൈസ്തവ കുടുംബങ്ങളിൽ നിന്നുള്ള
പവിത്ര ബന്ധങ്ങൾക്ക്...
RC MATRIMONIAL
UNDERTAKING OF KRLCC
FOR REGISTRATION
www.rcmatrimonial.org
Central Office
MINISTRY OF FAMILY APOSTOLATE
LATIN ARCHDIOCESE OF TRIVANDRUM
VELLAYAMBALAM, TRIVANDRUM
Mob: 93872 96213
matrimonialrc@gmail.com (E)

**ജീവനും വെളിച്ചവും**

**തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം**

2021 മെയ്
പുസ്തകം - 45 ലക്കം - 5
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

# നവ-പാരിസ്ഥിതിക, സാമ്പത്തിക, രാഷ്ട്രീയ സമവാക്യങ്ങളുയരട്ടെ!

നാലു സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും നടന്ന തെരഞ്ഞെടുപ്പ് ഫലങ്ങൾ ഇന്ത്യാ മഹാരാജ്യത്തെ പൗരന്മാരുടെ പ്രതീക്ഷകളും സ്വപ്നങ്ങളും പ്രതിഫലിപ്പിക്കുന്നതാണ്. കേരളത്തിലും, തമിഴ്നാട്ടിലും, ബംഗാളിലും ജനങ്ങൾ നൽകുന്ന തെരഞ്ഞെടുപ്പ് ഫലം വളരെയേറെ പ്രതീക്ഷകളുയർത്തുന്നു. കേരളത്തിലാദ്യമായി തുടർഭരണം ഉറപ്പാക്കിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി നേടിയ തകർപ്പൻ ജയം 'വിജയനിഫക്ട്' തന്നെയാണ്. തമിഴ്നാട്ടിലെ അണ്ണാ ഡിഎംകെ നേതാവ് സ്റ്റാലിന്റെ വിജയം സംസ്ഥാനത്ത് ഉയർന്നുവരുന്ന രാഷ്ട്രീയാനിശ്ചിതത്വങ്ങൾക്ക് വിരാമമിടും. എന്നും ഇന്ത്യയുടെ ബഹുസ്വരതയെ നെഞ്ചിലേറ്റുന്ന ദ്രാവിഡ ജനതയുടെ വ്യതിരിക്തമായ നിലപാടുകളുടെ പ്രഹേളിക കൂടിയാണ് തമിഴകം. മഹാമാരിക്കാലത്ത് കേന്ദ്രസർക്കാർ അധികാരമുപയോഗിച്ച് നടത്തിയ തെരഞ്ഞെടുപ്പ് മാമാങ്കത്തോട് ബംഗാൾ ജനത പ്രകടിപ്പിച്ച ഐതിഹാസിക പ്രതിധ്വനിയാണ് മമതാബാനർജിയുടെ നേതൃത്വമുയർത്തുന്ന നവഭാരത സ്വപ്നത്തിന്റെ കാഹളം.

നൂറ്റാണ്ടുകളുടെ പോരാട്ടത്തിലൂടെ ഇന്ത്യൻ ജനത നേടിയ ജനാധിപത്യ, മതേതര, സോഷ്യലിസ്റ്റ് ദർശനങ്ങൾ സംരക്ഷിക്കപ്പെടാനും, ജനകേന്ദ്രീകൃത, പങ്കാളിത്ത വികസന സ്വപ്നങ്ങൾ ഉയർത്തിപ്പിടിക്കാനുമുള്ള ഉണർത്തുപാട്ടാണ് തെരഞ്ഞെടുപ്പ് ഫലങ്ങൾ. രണ്ടുവർഷംകൂടി പിന്നിടുമ്പോൾ രാജ്യത്ത് നടക്കേണ്ട പൊതു തെരഞ്ഞെടുപ്പിനും ഉത്തർപ്രദേശ് പോലുള്ള ഇന്ത്യയുടെ ഹൃദയ ഭൂമിയിൽ നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിനും ദിശാസൂചിക കൂടിയാണ് ഈ തെരഞ്ഞെടുപ്പ് ഫലം. ഇന്ത്യയിലെ കാർഷിക-മത്സ്യമേഖലകളിലും തൊഴിൽ രംഗത്തും നടത്തിക്കൊണ്ടിരിക്കുന്ന കോർപ്പറേറ്റ് ആധിപത്യത്തിനെതിരേ ഉയർന്നുവരുന്ന പ്രതിഷേധവും കൂടിയാണ് തെരഞ്ഞെടുപ്പ് ഫലം. നാടാടെ രാജ്യത്തെ പൗരാവലി ഉണരേണ്ട സമയമാണിത്. കൂടാതെ രാജ്യത്തെ രാഷ്ട്രീയ-സാമ്പത്തിക സമവാക്യങ്ങൾ മാറ്റത്തിന് തിരികൊളുത്തേണ്ടതുണ്ട്. കാലാവസ്ഥാരംഗത്തെ വെല്ലുവിളികളുൾക്കൊണ്ടുകൊണ്ട് ഉറച്ച പരിസ്ഥിതി നയത്തിലും, ഗ്രാമീണ സമ്പത്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്ന സാമ്പത്തിക നയങ്ങൾക്കും താൻപോരിമയുടെ രാഷ്ട്രീയ സമവാക്യങ്ങളുപേക്ഷിച്ച്, രാജ്യത്ത് ഉയർന്നുവരുന്ന 'യുവ' നേതാക്കളെ അണിചേർത്തുകൊണ്ട് പുത്തൻ രാഷ്ട്രീയ സമവാക്യങ്ങൾ സൃഷ്ടിക്കാനുമുള്ള അവസരം കൂടിയാണിത്. രാജ്യത്ത് ബഹുഭൂരിപക്ഷം വരുന്ന സ്ത്രീശബ്ദങ്ങളെ കോർത്തിണക്കാൻ മമതയ്ക്കും, നവ-യുവ പ്രതിഭകളെ ജ്വലിപ്പിക്കാൻ വിജയൻ-സ്റ്റാലിൻ അച്ചുതണ്ടുകൾക്കും കഴിയട്ടെ.

"ഭരണകൂടത്തിന്റെ അഴിമതികൾ ഒരു സമൂഹം നിസംഗതയോടെ അവഗണിക്കുന്ന ദിനം ഒരു നാടിന്റെ തകർച്ച് തുടക്കം കുറിക്കു"കയാണെന്ന മാർട്ടിൻ ലൂഥർകിംഗ് ജൂനിയറിന്റെ മന്ത്രം ഭാരതജനതയുടെ ഉയർത്തെഴുന്നേല്പിന്റെ മന്ത്രം കൂടിയാകട്ടെ!

പുതിയ അഞ്ചു സർക്കാരുകൾക്കും വിജയാശംസകളും ഭാവുകങ്ങളും നേരുന്നു!

- പത്രാധിപർ



# പ്രകാശം പരത്തുന്ന തൊഴിലാളി

ഫാ. വിൻസന്റ് വാരിയത്ത്

Georges De latour ന്റെ സുന്ദരമായ ഒരു ചിത്രം ഉണ്ട്, Joseph the Carpentar എന്ന പേരിൽ സൗമ്യസുന്ദരഭാവത്തിൽ വി. യൗസേപ്പ് മരപ്പണി ചെയ്യുമ്പോൾ മുന്നിൽ നിന്ന് വിളക്കിലെ വെട്ടം കാട്ടുന്ന ഉണ്ണീശോ... ചിത്രത്തിലെ വി. യൗസേപ്പിന്റെ മുഖത്തും ഭാവത്തിലും വെട്ടം നിറഞ്ഞു കവിഞ്ഞുനിൽക്കുന്നു:

വിശുദ്ധന്റെ ഉള്ളറിഞ്ഞ ഒരു ചിത്രകാരന് അങ്ങനെയേ, വരക്കാനാകൂ.

യൗസേപ്പിതാവ് വെട്ടമുള്ള മരപ്പണിക്കാരനായിരുന്നു; ഉള്ളിലെ വെട്ടം ചുറ്റുവട്ടങ്ങളിലെല്ലാം പരത്തിയ ഒരാളായിരുന്നു. വിശുദ്ധനായ ഈ തൊഴിലാളിയെ ഉൾക്കണ്ണ് കൊണ്ടൊന്ന് നോക്കിയാൽ പല തലങ്ങൾ കണ്ടെത്താനാവും:

### സന്തോഷമുള്ള തൊഴിലാളി
(Happy worker)

വി. യൗസേപ്പ് Cheerful Giver ആയിരുന്നു. യൗസേപ്പിതാവിനെക്കുറിച്ചുള്ള ഹോളിവുഡ് സിനിമയിൽ ചിരിച്ചാർത്ത്, പാടി വേല ചെയ്യുന്ന പിതാവിനോട് ഉണ്ണീശോ ചോദിക്കുന്നു
"അങ്ങ് സദാ ആനന്ദത്തിലാണല്ലോ! Hard work പോലും അങ്ങ് Sweet work ആക്കിമാറ്റുന്നുവല്ലോ !
വിശുദ്ധൻ മറുപടി പറയുന്നു
"കുഞ്ഞേ!
ഞാനെല്ലാം യഹോവയ്ക്കുവേണ്ടി മാത്രമാണ് ചെയ്യുന്നത്.
അപ്പോൾ happy ആകാതിരിക്കാനാവില്ലല്ലോ!"

കൊളം: 3:23 ൽ സെന്റ്. പോൾ ഓർമപ്പെടുത്തി
"എന്തുവേല ചെയ്യുമ്പോഴും സന്തോഷത്തോടെ ദൈവത്തിനുവേണ്ടി ചെയ്യുവിൻ"
സന്തോഷത്തോടെ സൃഷ്ടികർമ്മം പൂർത്തിയാക്കിയ ദൈവത്തെ സദാ പിഞ്ചെന്ന യൗസേപ്പിതാവ് എന്തു വേലയിലും ദൈവഹിതം കണ്ടു. അതിനാൽ തന്നെ വിശുദ്ധൻ ഹാപ്പി വർക്കർ ആയിരുന്നു. A happy worker will have no sad days എന്ന ടർക്കിഷ് പഴഞ്ചൊല്ല് ഓർക്കാം.

### ഉണർവ്വുള്ള തൊഴിലാളി
(Active worker)

ഉണർവുള്ള കാവൽക്കാരനായിരുന്നു യൗസേപ്പിതാവ് യേശുവിന് മുൻപ് ജീവിച്ചിരുന്ന നഫ്ത്തലി എന്ന റബ്ബിയെ

ക്കുറിച്ച് ഒരു കഥയുണ്ട്:
ഗ്രാമത്തിലൂടെ ഈ റബ്ബി നടന്നുപോകുമ്പോൾ ആരുടെയോ പുരയിടത്തിന് കാവലിരിക്കുന്ന ഒരു കാവൽക്കാരനെ കണ്ടു.
അയാളുടെ ഉണർവും സന്തോഷവും കണ്ട് റബ്ബി ചോദിച്ചു
“ആരുടെ പുരയിടമാണ്
ഇത്ര ഉണർവോടെ
ഇത്ര സന്തോഷത്തോടെ നിങ്ങൾ കാക്കുന്നത്?
നിങ്ങൾ ആർക്കുവേണ്ടിയാണ് വേല ചെയ്യുന്നത്?
ആരാണ് നിങ്ങളുടെ യജമാനൻ?”
ഉത്തരം പറയുന്നതിന് പകരം കാവൽക്കാരൻ മറുചോദ്യം ചോദിച്ചു
‘ആരാണ് നിങ്ങളുടെ യജമാനൻ?’
റബ്ബി എന്ന നിലയിൽ ’യഹോവയാണ് എന്റെ യജമാനൻ?
എന്നു മറുപടി നൽകാമായിരുന്നു. എന്നാൽ ആത്മാർത്ഥയോടെ ഉള്ളിലേക്ക് നോക്കിയ നഫ്ത്തലി ഇങ്ങനെയാണ് മറുപടി പറഞ്ഞത്
’സത്യത്തിൽ ഞാൻ ഇതുവരെ ആരെയും സേവിച്ചുതുടങ്ങിയിട്ടില്ല”
യൗസേപ്പിതാവ് ഉറക്കത്തിൽ പോലും ഉണർവ്വ് സൂക്ഷിച്ച കാവൽക്കാരൻ ആയിരുന്നു. ഉറക്കത്തിൽ പോലും ദൈവവഴികളിൽ നടന്ന യൗസേപ്പിതാവ് ചെയ്തെല്ലാം യജമാനനായ ദൈവത്തിനുവേണ്ടിയായിരുന്നു.
ഉദാത്തമായ സമർപ്പണ ബോധം ഉള്ളയാൾക്കേ നിലനിൽക്കുന്ന ഉണർവ് ഉണ്ടാവൂ. ഞാനെന്ന തൊഴിലാളി ഇപ്പോൾ വേണ്ടത്ര ആക്ടീവ് ആകാത്തത് ആത്മാർപ്പണം കുറഞ്ഞതുകൊണ്ടാവാം

## കരുതലുള്ള തൊഴിലാളി
(Caring Worker)

യൗസേപ്പിതാവിന്റെ ഊട്ടുനേർച്ചയുടെ തുടക്കം ഇറ്റലിയിലെ സിസിലിയിൽ നിന്നാണ്. കൊടും വരൾച്ചയിൽ നിന്നും മുഴുപട്ടിണിയിൽ നിന്നും കർഷകരെ കരുതലോടെ കാത്തുപരിപാലിച്ച യൗസേപ്പിനോടുള്ള ആദരസൂചകമായി സിസിലിക്കാർ Thavola di san Giuseppe (വി. യൗസേപ്പിന്റെ ഊട്ടുമേശ) എന്ന പേരിൽ എല്ലാവർക്കുമായി ഭക്ഷണമൊരുക്കി. ആ ഊട്ടുവിരുന്നിൽ നിർധനർക്ക് പ്രത്യേക പ്രാധാന്യം നൽകി.
ഉള്ളതിൽ നിന്ന് മിച്ചംപിടിച്ച് തങ്ങളേക്കാൾ ക്ലേശിക്കുന്നവർക്കായി ’കരുതലിന്റെ ഊട്ടുമേശ’ ഒരുക്കാൻ എല്ലാ തൊഴിലാളികൾക്കും ബാധ്യതയുണ്ടെന്ന് യൗസേപ്പിതാവ് കരുതലോടെ ഓർമ്മപ്പെടുത്തുന്നുണ്ട് ഇന്നും.

## ക്രിയാത്മകതയുള്ള തൊഴിലാളി
(Creative Worker)

അപ്പോക്രിഫൽ ഗ്രന്ഥങ്ങളിലൊന്നിൽ ഉണ്ണീശോയ്ക്ക് യൗസേപ്പിതാവ് ഒരു മരപ്പറവയെ ഉണ്ടാക്കി നൽകുന്ന ചിത്രമുണ്ട്. മരപ്പറവ മെല്ലെ ആകാശത്ത് പറന്നുയരുന്നു. Creative genius ആയിരുന്നു സെന്റ് ജോസഫ്. William Barcly നടത്തുന്ന കൗതുകകരമായ ഒരു നിരീക്ഷണം ഉണ്ട്:
യേശു തച്ചന്റ മകൻ എന്നറിയപ്പെട്ടത് ആ നാട്ടിലെങ്ങും ഖ്യാതി നേടിയ പെരുന്തച്ചനായിരുന്നു യൗസേപ്പിതാവ് എന്നതുകൊണ്ടുതന്നെയാണ്!
അനിതര സാധാരണ കഴിവുകളുള്ള നമ്മുടെ സമുദായാംഗങ്ങൾ ഈ കഴിവുകൾ വേണ്ടത്ര ഉപയോഗിക്കുന്നുണ്ടോ!



## മൗനിയായ തൊഴിലാളി
(Silent Worker)

പല തൊഴിലാളികളുടെയും മുദ്രാവാക്യം Talk more & work less എന്നാണ്.
സെന്റ് ജോസഫിന്റെ ആപ്തവാക്യം ’Work more & talk less എന്നായിരിക്കണം.
സൂര്യനോട് ആരോ അസൂയയോടെ ചോദിച്ചു
’നിന്നെ പോലെ ഷൈൻ ചെയ്യാൻ എന്തുചെയ്യണം?
സൂര്യൻ മറുപടി പറഞ്ഞു,
”If you want to shine like sun
learn first to burn like Sun!”
ഷൈൻ ചെയ്യണമെങ്കിൽ ആദ്യം ഉരുകാൻ തയ്യാറാകണം demands കൂടുതലും ഉത്തരവാദിത്തം കുറവുള്ള ഒരു തൊഴിലാളി സമൂഹം ഒരു സമൂഹത്തിനും ഭൂഷണമല്ല
'First Work, then demand' എന്ന ചൈനീസ് പഴമൊഴി ഓരോ തൊഴിലാളിയും ഓർക്കുന്നത് നന്ന്.

## ദേശാടകനായ തൊഴിലാളി
(Migrant Worker)

യൗസേപ്പിതാവിന് വ്യക്തമായറിയാമായിരുന്നു ഈ ലോകത്ത് താൻ ഖർഷോം (പരദേശി) മാത്രമാണെന്ന്, അതിനാൽ അനശ്വര കൂടാരങ്ങളിലേക്ക് നിക്ഷേപങ്ങൾ അയച്ചുകൊടുത്തു കൊണ്ടേയിരുന്ന നിസ്വാർത്ഥ യാത്രികനായിരുന്നു സെന്റ് ജോസഫ് എന്ന തൊഴിലാളി. ദൈവം കാട്ടിയ വഴികളിൽ മാത്രം നടന്ന അവധൂതൻ..
“അക്കരയ്ക്കു യാത്ര ചെയ്യും സീയോൻ സഞ്ചാരി” യായി സ്വയം കണ്ട് നിഷ്കാമകർമ്മ നിരതനായി യൗസേപ്പിതാവ് സ്വർഗം നോക്കി മുന്നോട്ടുനീങ്ങി. അതുകൊണ്ട് തന്നെ പ്രവൃത്തി പ്രാർഥനയായും മാറി.
തൊഴിലിൽ ആത്മാർത്ഥത വരണമെങ്കിൽ അതിൽ ആത്മീയത വരണം ആദ്യം. യാത്രികന്റെ ആത്മീയത അടുത്തറിഞ്ഞ തൊഴിലാളി ദൈവാലയത്തിന്റെ വലതുവശത്തുനിന്നും നിർഗളിക്കുന്ന ജലധാര പോലെ ലോകത്തെ മുഴുവൻ സമ്പന്നമാക്കി ദൈവത്തിലേക്ക് ഒഴുകി കൊണ്ടിരിക്കും.
അവസാനം അയാൾ പറയും
ഞാൻ നല്ല ഓട്ടം പൂർത്തിയാക്കി!
കൃപയാർന്ന നിസംഗതയോടെ നല്ല ഓട്ടം ഓടിപൂർത്തിയാക്കാൻ യൗസേപ്പിതാവ് നമ്മെ നിരന്തരം വെല്ലുവിളിക്കുന്നു.





# സഭയുടെ സാമൂഹിക പ്രബോധനങ്ങൾ കാലത്തിന്റെ ചുവരെഴുത്തുകൾ

**ഇഗ്നേഷ്യസ് തോമസ്**

ലോകം അഭിമുഖീകരിക്കുന്ന ഗൗരവതരമായ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളെയും പ്രതിസന്ധികളെയും കുറിച്ച് ലോകജനതയുടെ ശ്രദ്ധക്ഷണിക്കാൻ സഭ എന്നും ശ്രദ്ധിച്ചിട്ടുണ്ട്. ഇന്നത്തെ മനുഷ്യരുടെ പ്രത്യേകിച്ച് ദരിദ്രരുടെയും കഷ്ടതയനുഭവിക്കുന്നവരുടെയും ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും, മിശിഹായുടെ ശിഷ്യന്മാരുടെയും ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയുമാണ്.” (സഭ ആധുനിക യുഗത്തിൽ നമ്പർ.1). അതിനാൽ തന്നെ വിമർശനാത്മകമായും സാന്ത്വനപരമായും സാമൂഹ്യപ്രശ്നങ്ങളെ സഭ വിലയിരുത്തുകയും പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്. ചാക്രിക ലേഖനങ്ങൾ, അപ്പോസ്തലിക പ്രബോധനങ്ങൾ, സുവിശേഷ വിചിന്തനങ്ങൾ എന്നിവയിലൂടെ പാപ്പമാർ, സഭയുടെ സാമൂഹ്യവീക്ഷണം ലോകത്തിനുമുമ്പാകെ കാലാകാലങ്ങളിൽ അവതരിപ്പിക്കാൻ ശ്രദ്ധിച്ചിരുന്നു.

1818 മുതൽ 1903 വരെസഭയെ നയിച്ച ലിയോ 13-ാമൻ പാപ്പ ‘റേരും നോവാരും’ (വിപ്ലവാത്മകമായ മാറ്റം) എന്ന ചാക്രികലേഖനത്തിലൂടെ സാമ്പത്തിക പ്രശ്നങ്ങളെയും സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെയും കുറിച്ച് സഭയുടെ ദർശനം അവതരിപ്പിക്കുകയുണ്ടായി. ’റേരും നോവാരും’ എന്ന ചാക്രികലേഖനം സഭയുടെ ആധുനിക കാലഘട്ടത്തെക്കുറിച്ചുള്ള സാമൂഹ്യ കാഴ്ചപ്പാടിന്റെ അടിസ്ഥാനമായി വിശേഷിപ്പിക്കപ്പെടുന്നു. 1891 ൽ പുറപ്പെടുവിച്ച ഈ ചാക്രികലേഖനത്തിൽ വ്യവസായവൽക്കരണം വഴി വ്യക്തികൾക്കും സമൂഹങ്ങൾക്കും സംഭവിച്ച മാറ്റങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. അഞ്ചുഭാഗങ്ങളുള്ള ഈ ലേഖനത്തിൽ ദാരിദ്ര്യനിർമാർജ്ജനത്തെപ്പറ്റി ഊന്നിപ്പറയുകയും ലെയ്സെസ് ഫെയർ സിദ്ധാന്തത്തെ തള്ളിക്കളയുകയും സേവനസന്നദ്ധ പ്രവർത്തനത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു.


ലിയോ 13-ാമൻ പാപ്പ

1931 ൽ പീയൂസ് 11-ാമൻ പാപ്പ പുറപ്പെടുവിച്ച ‘ക്വാദ്രജേസിമോ ആന്നോ’ (സാമൂഹ്യവ്യവസ്ഥിതിയുടെ പുനഃരുദ്ധാരണം) എന്ന ചാക്രിക ലേഖനം പുറത്തിറക്കിയത് ലോകം ഗുരുതരമായ സാമ്പത്തിക മാന്ദ്യത്തിലും തകർച്ചയിലും അകപ്പെട്ടിരുന്ന അവസരത്തിലായിരുന്നു. നിലവിലെ സാമ്പത്തിക വ്യവസ്ഥയെ വിമർശനാത്മകമായി വിലയിരുത്തിക്കൊണ്ട് സാമ്പത്തിക സംവിധാനങ്ങളെ കാലോചിതമായി പരിഷ്കരിക്കാൻ പാപ്പ ആഹ്വാനം ചെയ്യുകയുണ്ടായി. ആധുനിക യുഗത്തിൽ സാമൂഹ്യപ്രശ്നങ്ങളിൽ, സഭയുടെ നിലപാട് വിശദമാക്കുന്ന പഠനമാണ് ‘മാത്തെർ ഏത് മജിസ്ട്ര’ (മാതാവും ഗുരുനാഥയും). സഭയുടെ സാമൂഹ്യവീക്ഷണത്തെക്കുറിച്ചുള്ള മുൻകാല പഠനങ്ങളെപ്പറ്റി ആശയവ്യക്തത നൽകുന്നതോടൊപ്പം ലിയോ 13-ാമൻ മാർപാപ്പയുടെ ‘റേരും നോവാരും’ ഊന്നൽ നൽകിയ മേഖലകളും കാർഷിക സമ്പദ് വ്യവസ്ഥയുടെ പ്രശ്നങ്ങളും സത്യത്തിലും നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ സാമ്പത്തിക സാമൂഹ്യക്രമം പണിതുയർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ജോൺ 23-ാമൻ പാപ്പയുടെ ഈ ചാക്രിക ലേഖനത്തിൽ വിശദീകരിക്കുന്നു.


പീയൂസ് 11-ാമൻ പാപ്പ

പോപ്പ് ലിയോ 13-ാമൻ റേരും നോവാരും പ്രസിദ്ധീകരിച്ചതിന്റെ 70-ാം വാർഷികത്തിലാണ് മാതാവും ഗുരുനാഥയുമെന്ന ചാക്രിക ലേഖനം 1961 ൽ പ്രസിദ്ധീകരിച്ചത്. മനുഷ്യമാഹാ

ത്മ്യത്തെ എല്ലാവരും ആദരിക്കാനും ബഹുമാനിക്കാനും സഭാമക്കളോട് യോഹന്നാൻ 23-ാമൻ പാപ്പ ആഹ്വാനം ചെയ്യുന്നു. ജീവിത നിലവാരത്തകർച്ച മൂലം കാർഷികവൃത്തി ഉപേക്ഷിച്ച് നഗരങ്ങളിൽ ചേക്കേറുന്നവരെ സഹാനുഭൂതിയോടെ വീക്ഷിക്കണം. ഭക്ഷ്യധാന്യങ്ങൾ മിച്ചമുള്ള രാജ്യങ്ങൾ ദുരിതമനുഭവിക്കുന്ന രാജ്യങ്ങളെ സഹായിക്കുകയും കാർഷിക രീതികൾ മെച്ചപ്പെടുത്താൻ സഹായിക്കുകയും വേണം. സർക്കാരുകൾ പൊതുനന്മയ്ക്കായും അസമത്വങ്ങൾ ലഘൂകരിക്കാനും പരിശ്രമിക്കണമെന്ന് പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിക്കുന്നു.



**യോഹന്നാൻ 23-ാമൻ പാപ്പ**


പോൾ ആറാമൻ പാപ്പ വ്യാവസായിക രാജ്യങ്ങളും ദാരിദ്ര്യവും പട്ടിണിയും നിരക്ഷരതയും അനുഭവിക്കുന്ന രാജ്യങ്ങളും തമ്മിൽ വർധിച്ചുവരുന്ന അകൽച്ചയെ പറ്റി വിശദീകരിച്ചുകൊണ്ടാണ്, 'ഒക്ടോജെസിമ അഡ്‌വേനിയൻസ്' (80-ാം വർഷത്തിന്റെ ആഗമനത്തിൽ) എന്ന അപ്പോസ്തലിക ലേഖനം പുറപ്പെടുവിച്ചത്. തന്റെ മുൻഗാമി ജോൺ 23-ാമൻ പാപ്പ എടുത്തുകാട്ടിയ നഗര-ഗ്രാമവാസികളുടെ ജീവിത നിലവാരത്തിലെ അന്തരങ്ങളും നഗരങ്ങളിലേക്ക് കുടിയേറിയവരുടെ ദുരിതങ്ങളും പാപ്പ എടുത്തുകാട്ടുന്നു. പരിസ്ഥിതിയെപ്പറ്റിയുള്ള പഠനങ്ങൾ സഭയുടെ ചിന്തയിൽ അദ്ദേഹം കൊണ്ടുവന്നു. മനുഷ്യൻ ഭൂമിയെ വിവേക രഹിതമായി ചൂഷണം ചെയ്യുകയും നശിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് മനുഷ്യവർഗം സ്വന്തം നാശത്തിന് ഇരയായി തീരുന്നുവെന്നും പാപ്പ ചൂണ്ടിക്കാട്ടുന്നു.



**പോൾ ആറാമൻ പാപ്പ**

ഈഭൂമിയുടെ ഭൗതീകഘടന നിലനിർത്താനും മെച്ചപ്പെടുത്താനും ഈ ലോകത്തിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും കടമയുണ്ടെന്നും ഓർമിപ്പിച്ചുകൊണ്ടാണ് പോൾ 6-ാമൻ 'പോപ്പുലോരും പ്രോഗ്രസിയോ' (ജനതകളുടെ പുരോഗതി) എന്ന ചാക്രിക ലേഖനം പ്രകാശിപ്പിച്ചത്. നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യം മൂലം ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അരാജകത്വത്തെ പോൾ ആറാമൻ തള്ളിപ്പറയുന്നു. ഈ അരാജകത്വം അത്യന്തം ഹീനവും ആത്മഹത്യാപരവുമായ വിധത്തിലുള്ള മുതലാളിത്തത്തെ സൃഷ്ടിക്കുമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തുന്നു.

'റേരും നൊവാരും' പ്രസിദ്ധീകൃതമായി 90 വർഷം പൂർത്തിയായ 1981 ലും നൂറു വർഷം പൂർത്തിയായ 1991 ലും വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ രണ്ട് ചാക്രികലേഖനങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. 'ലബോരെം എക്സേർസൻസ് (1981) (തൊഴിലിലൂടെ), 'ചെന്തേസിമൂസ് ആനൂസ്' നൂറാംവർഷം (1991) വർധിച്ച യന്ത്രവൽക്കരണം മൂലം തൊഴിലാളി തൊഴിൽ മേഖലയിൽ അപ്രധാന ഘടകമായി മാറിയിരിക്കുന്നു. അതിനാൽ തൊഴിലാളികൾക്ക് ഉൽപ്പാദന പ്രക്രിയയിൽ കൂട്ടവകാശവും ലാഭവിഹിതവും പങ്കുവയ്ക്കാനും ഉടമാവകാശം ഉറപ്പുവരുത്താനും സംവിധാനങ്ങളൊരുക്കണമെന്ന് 'ലബോരേം എക്സേർനസ്' എന്ന ചാക്രീക ലേഖനത്തിൽ ലോകരാഷ്ട്രങ്ങളോട് ജോൺ പോൾ പാപ്പ ആവശ്യപ്പെടുന്നു.



**വി. ജോൺ പോൾ രണ്ടാമൻ പാപ്പ**

കാറൽ മാർക്സിന്റെ ഭൗതികവാദത്തെ തള്ളിപറയുന്ന ജോൺപോൾ പാപ്പ അതിരുകടന്ന പരിധികളില്ലാത്ത മുതലാളിത്തവ്യവസ്ഥയെയും, 'ചെന്തേസിമൂസ് ആനൂസിൽ' വിമർശിക്കുന്നു. പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും പൊതുനന്മ ഉറപ്പുവരുത്താനും വിപണികളെ നിയന്ത്രിക്കുന്ന ശക്തികൾക്ക് സാധ്യമാവുകയില്ല. ഇക്കാര്യങ്ങൾ സമൂഹത്തിൽ ഉറപ്പുവരുത്തേണ്ടത് ഭരണകൂടങ്ങളുടെ ഉത്തരവാദിത്തമാണെന്നും ജോൺപോൾ പാപ്പ ഓർമിപ്പിക്കുന്നു.

മനുഷ്യനന്മയ്ക്കും പുരോഗതിക്കും വികസനത്തിനും സത്യവും സ്നേഹവും അനുപേക്ഷണീയമാണെന്ന് 'Caritas in Veritate' സത്യത്തിൽ സ്നേഹം എന്ന ചാക്രിക ലേഖനത്തിലൂടെ ബനഡിക്ട് പതിനാറാമൻ പാപ്പ വ്യക്തമാക്കുന്നത്. സുവിശേഷത്തിന്റെ ആനന്ദം (Joy of the Gospel) എന്ന അപ്പോസ്തലിക ലേഖനത്തിൽ സമ്പന്നർക്ക് ഇളവുകൾ അനുവദിച്ചുകൊണ്ട് സാമ്പത്തിക സ്വാധീനം വർധിപ്പിക്കുന്ന രീതിയും ആഗോളീകരണത്തോട് ഭരണകൂടങ്ങൾ പുലർത്തുന്ന നിസംഗതയും അപകടം ക്ഷണിച്ചുവരുത്തുന്നുവെന്ന് ഫ്രാൻസിസ് പാപ്പ വ്യക്തമാക്കുന്നു. 'അങ്ങേക്ക് സ്തുതി' (Laudatosi) എന്ന ചാക്രിക ലേഖനത്തിൽ ആഗോള താപനം, വലിച്ചെറിയുന്ന സംസ്കാരം ഉപഭോഗ സംസ്കാരം എന്നിവയെ ശക്തമായ ഭാഷയിലാണ് ഫ്രാൻസിസ് പാപ്പ അപലപിക്കുന്നത്.



**ബനഡിക്ട് 16-ാമൻ പാപ്പ**

ലിയോ 13-ാമൻ പാപ്പയുടെ റേരും നോവാരും മുതൽ ഫ്രാൻസിസ് പാപ്പയുടെ ഫ്രെത്തെല്ലീതുത്തി വരെയുള്ള ചാക്രികലേഖനങ്ങളിലൂടെ സഭയുടെ സാമൂഹ്യ പ്രബോധനങ്ങൾ വ്യക്തവും ശക്തവും ആധികാരികമായും അവതരിപ്പിക്കുന്നു. അതോടൊപ്പം മനുഷ്യജീവന്റെ മാഹാത്മ്യം, കുടുംബം, സമൂഹം, വ്യക്തികളുടെ അവകാശങ്ങളും കടമകളും ദരിദ്രരോടുള്ള പക്ഷം ചേരൽ, തൊഴിലിന്റെ മാഹാത്മ്യവും തൊഴിലാളികളുടെ അവകാശങ്ങളും മനുഷ്യസാഹോദര്യവും സൃഷ്ടാവായ ദൈവത്തിന് മനുഷ്യനോടുള്ള കരുതൽ തുടങ്ങി കാലികമായ എത്രയെത്ര വിഷയങ്ങളിലാണ് പരിശുദ്ധപിതാക്കന്മാർ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ലോകജനതയെ വിശുദ്ധീകരിക്കാനായി പ്രബോധനങ്ങൾ നൽകിയിട്ടുള്ളത്! ■



**ഫ്രാൻസിസ് പാപ്പ**





നീർച്ചാലുകൾ


റവ. ഫാ. തോമസ് ജെ. നെറ്റോ





മനുഷ്യരായ നാം ജീവിതത്തിൽ ആഗ്രഹിക്കുന്നത് സന്തോഷമാണ്. ആ സന്തോഷത്തിലേക്കുള്ള മാർഗമാണ് സ്നേഹമെന്നും ആ സ്നേഹത്തിന്റെ ഉറവ ദൈവമാണെന്നും ഇന്നത്തെ തിരുവചന ഭാഗങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു.


പെസഹാകാലം ആറാം ഞായർ (മെയ് 9)

# നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ

അപ്പോ. 10:25-26. 34-35. 44-48 | 1 യോഹ. 4: 7-10 | യോഹ. 15: 9-17

"നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ" യോഹ. (15:9). അവസാന അത്താഴവേളയിൽ, തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ യേശു ശിഷ്യരോട് പറഞ്ഞ വാക്കുകളാണിവ. കൃത്യമായി പറഞ്ഞാൽ മുന്തിരിച്ചെടിയും ശാഖകളും എന്ന ഉപമയിൽ "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്" എന്നീ വാക്കുകളെ തുടർന്ന് അവിടുന്ന് അരുളിചെയ്ത വചനങ്ങളാണിവ.

യേശുവുമായുള്ള വ്യക്തിബന്ധമാണ്, കൂട്ടായ്മയാണ് വിശ്വാസിയായ ഒരുവന്റെ അകക്കാമ്പ്. ഈ ബന്ധം തന്നെയാണ് വിശ്വാസ സമൂഹത്തിന്റെയും നട്ടെല്ല്. ക്രിസ്തുവിനോടും വ്യക്തികൾ പരസ്പരവുമുള്ള ബന്ധങ്ങളുടെ വഴിയിലൂടെയുള്ള ഒരു യാത്രയാണ് ക്രിസ്തീയ ജീവിതം. ഈ വ്യക്തിബന്ധങ്ങളെ പൊതിഞ്ഞുനിൽക്കുന്നതും അവയെ നിർണയിക്കുന്നതും സ്നേഹമല്ലാതെ മറ്റൊന്നുമല്ല. രണ്ടാം വായനയിൽ യോഹന്നാൻ ഓർമിപ്പിക്കുന്നു "പ്രിയപ്പെട്ടവരെ, നമുക്ക് പരസ്പരം സ്നേഹിക്കാം". കാരണം "ദൈവം സ്നേഹമാകുന്നു" (1 യോഹ. 4:7,8). കാലത്തിന്റെ തികവിൽ സ്നേഹം നസ്രായനായ യേശുവിൽ ആൾരൂപം പൂണ്ടു. ആ യേശുവിന്റെ സ്നേഹവക്ഷസിൽ ചാരിക്കിടന്ന് യോഹന്നാൻ പറയുന്നു, "സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല" (1. യോഹ. 4:8).

"നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ" എന്ന ആഹ്വാനം എങ്ങിനെയാണ് ഇന്ന് നമുക്ക് അന്വർത്ഥമാക്കാനാവുക? അതിനുള്ള മാർഗം യേശുവിന്റെ വചനം അഥവാ പ്രബോധനം അനുദിന ജീവിതത്തിൽ പാലിച്ചുകൊണ്ടും പ്രാവർത്തികമാക്കിക്കൊണ്ടും മാത്രമാണ്.

സ്നേഹത്തിൽ നിലനിൽക്കുവാൻ യേശു ആവശ്യപ്പെടുന്നത് അനുസരിക്കുന്നവർക്ക് ലഭിക്കുന്നത് സന്തോഷമാണ്. "ഇത് ഞാൻ നിങ്ങളോട് പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനുമാണ്" (യോഹ. 15:11).

മനുഷ്യരായ നാം ജീവിതത്തിൽ ആഗ്രഹിക്കുന്നത് സന്തോഷമാണ്. ആ സന്തോഷത്തിലേക്കുള്ള മാർഗമാണ് സ്നേഹമെന്നും ആ സ്നേഹത്തിന്റെ ഉറവ ദൈവമാണെന്നും ഇന്നത്തെ തിരുവചന ഭാഗങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു.

സ്നേഹം സംജാതമാക്കുന്നത് സൗഹൃദമാണ്. യേശു തന്റെ ശിഷ്യരെ ദാസന്മാരെന്നല്ല, സ്നേഹിതന്മാരെന്നാണ് വിളിക്കുക. സൗഹൃദങ്ങൾക്കിടയിൽ കാണുന്നത് സ്നേഹത്തിന്റെ പങ്കുവയ്ക്കലുകളാണ്. അതിൽ അറിവും അനുഭവങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നു. സൗഹൃദങ്ങളിൽ ഹൃദയാഭിലാഷങ്ങളും ആത്മനൊമ്പരങ്ങളും മറകൂടാതെ പരസ്പരം വെളിപ്പെടുത്തുന്നു. സൗഹൃദങ്ങളിൽ ആദിപത്യമോ ദാസ്യഭാ

വങ്ങളോ ഇല്ല. മറിച്ച്, തുല്യതാബോധവും പരസ്പര വിശ്വാസവും പ്രതിബദ്ധതയും പ്രകടമാകുന്നു.

ഓരോ വിശ്വാസിയും ഇന്ന് വിളിക്കപ്പെട്ടിരിക്കുന്നത് സൗഹൃദങ്ങളിലേക്കാണ്. യേശുവിനോടും മറ്റുള്ളവരോടുമുള്ള സ്നേഹ സൗഹൃദത്തിലേക്ക്. ഇന്നത്തെ ലോകത്തിൽ കോവിഡ്-19 മഹാമാരിയുടെ നടുവിൽ സ്നേഹം, സൗഹൃദം, സന്തോഷം തുടങ്ങിയ സത്ഫലങ്ങൾ പുറപ്പെടുവിക്കാൻ യേശു നമ്മെയും തെരഞ്ഞെടുത്ത് നിയോഗിച്ചിരിക്കുന്നു. നമുക്ക്, ആൾക്കൂട്ടങ്ങളിൽ അന്യരും അപരിചിതരുമാകാതെ, ആത്മബന്ധങ്ങളിൽ വിടർന്നുവളരുന്ന സ്നേഹിതരും സുഹൃത്തുക്കളുമായി മാറാം.

നീർച്ചാലുകൾ

റവ. ഡോ. ലോറൻസ് കുലാസ്

സ്വർഗാരോഹണ തിരുനാൾ (മെയ് 16)

# കർത്താവിന്റെ സ്വർഗാരോഹണം

അപ്പോ. 1:1-11 | എഫെ. 4: 1-13 | മാർക്കോ. 16: 15-20



സുവിശേഷം പ്രഘോഷിക്കാൻ വേണ്ടിയാണ് ശിഷ്യർ യാത്ര ചെയ്യേണ്ടത്. ശിഷ്യരുടെ ഈ സുവിശേഷ യാത്ര "എല്ലാ സൃഷ്ടികളിലും" എത്തിക്കുന്നതിലാണ് ലക്ഷ്യം കൈവരിക്കുന്നത്.

യേശുവിന്റെ സ്വർഗാരോഹണത്തെ സംബന്ധിച്ച് വ്യത്യസ്തങ്ങളായ ചിത്രീകരണങ്ങളാണ് ബൈബിളിൽ നമുക്ക് ലഭിക്കുന്നത്. ലൂക്കാ എഴുതിയ സുവിശേഷത്തിലും അപ്പസ്തോലപ്രവർത്തനത്തിലും ജെറുസലേമിൽ നിന്നുമാണ് യേശുവിന്റെ സ്വർഗ്ഗാരോഹണം നടന്നതായി വിവരിക്കുന്നത്. എന്നാൽ മത്തായി സുവിശേഷകനും മർക്കോസ് സുവിശേഷകനും ഇത് ഗലീലിയിൽ നിന്നാണെന്ന് ചിത്രീകരിച്ചിരിക്കുന്നു. വിവരണത്തിന്റെ സ്ഥലകാലങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും സ്വർഗാരോഹണം നടന്നിരിക്കുന്നത് ദൈവിക സാന്നിധ്യം ഉൾക്കൊള്ളുന്ന പർവ്വതശിഖരത്തിൽ നിന്നാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. ലൂക്കായുടെ സുവിശേഷവും അപ്പസ്തോലപ്രവർത്തനവും യേശുവിന്റെ ഉത്ഥാനം കഴിഞ്ഞ് 40-ാം ദിനമാണ് സ്വർഗാരോഹണം സംഭവിക്കുന്നത് എന്നുകൂടി കൂട്ടിച്ചേർക്കുന്നു. ഈ ചുരുങ്ങിയ കാലയളവിൽ യേശു തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നതായും ഈ വിവരണങ്ങളിൽ കാണാം. എന്നാൽ മത്തായിയും മർക്കോസും നല്കുന്ന വിശദീകരണത്തിൽ ഇപ്രകാരമൊരു കാലയളവ് സൂചിപ്പിക്കുന്നില്ല. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് യേശുവിന്റെ സ്വർഗാരോഹണമെന്ന യാഥാർത്ഥ്യത്തിന് വിശദാംശങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും ഒരു ചരിത്രസംഭവമായി തന്നെ രേഖപ്പെടുത്തുവാൻ വേദപുസ്തകരചയിതാക്കൾ ഉദ്യമിക്കുന്നുവെന്നാണ്. യേശുവിന്റെ സ്വർഗാരോഹണം വിശദീകരിക്കപ്പെടുന്ന ബൈബിൾ ഭാഗങ്ങളിൽ ഈ സംഭവത്തെ പ്രൗഢഗംഭീരമായ, കലാപരമായ ഒരവതരണത്തിനല്ല ഗ്രന്ഥകർത്താക്കൾ ശ്രമിക്കുന്നത് എന്നുകൂടി നമുക്ക് വ്യക്തമാക്കുന്നു. എന്നാൽ സ്വർഗാരോഹണവേളയിൽ യേശു തന്റെ ചുറ്റും നില്ക്കുന്നവർക്കായി നല്കുന്ന ശക്തവും അടിസ്ഥാനപരവുമായ സന്ദേശത്തിനാണ് ഈ വിവരണങ്ങൾ എല്ലാം ഊന്നൽ നല്കുന്നത്.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് മർക്കോസ് നല്കുന്ന പ്രേഷിത ദൗത്യത്തിന്റെ പൊരുൾ കണ്ടെത്താൻ ശ്രമിക്കാം. സുവിശേഷകൻ ശിഷ്യരുടെ ദൗത്യത്തിന്റെ ഉള്ളടക്കം ഒരു പ്രധാന വാക്യത്തിൽ ഉൾച്ചേർക്കുന്നു: ''നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (16:15). യേശു ശിഷ്യർക്ക് നല്കുന്ന പ്രേഷിതദൗത്യത്തിൽ പ്രകടമായി നില്ക്കുന്ന ആജ്ഞ "പോയി" എന്നാണ്. ഇവിടെ "പോയി" അഥവാ, "പോകുക" - "go" - എന്ന പ്രവൃത്തിപദത്തിൽ ചലനാത്മകതയുടെ പൂർണ്ണമായ ഉൾക്കാമ്പു നിറഞ്ഞു നില്ക്കുന്നു. സുവിശേഷകൻ വളരെ വ്യക്തമായും കൃത്യമായും ശിഷ്യർ അനുവർത്തിക്കേണ്ട യാത്രയെ - ചലനത്തെ - അടിവരയിട്ട് രേഖപ്പെടുത്തുന്നു. പ്രസ്തുത ശിഷ്യദൗത്യം യേശുവിന്റെ പ്രഘോഷണ രീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു: "അവൻ

ഗ്രാമങ്ങളിൽ ചുറ്റിസഞ്ചരിച്ച് പഠിപ്പിച്ചു കൊണ്ടിരിക്കുന്നു" (6:7). തന്റെ ദൗത്യത്തിൽ പങ്കുകാരാകാൻ ക്ഷണിക്കപ്പെട്ട ശിഷ്യരും യാത്രചെയ്ത് - സഞ്ചരിച്ച് വചനം പ്രഘോഷിക്കാൻ യേശു നിയോഗിച്ചു: "അവൻ ഗ്രാമപ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ച്, പഠിപ്പിച്ചുകൊണ്ടിരുന്നു"(6:7a). "അവൻ തന്റെ പന്ത്രണ്ടുപേരെ അടുത്തു വിളിച്ച് രണ്ടുപേരെ വീതം അയയ്ക്കാൻ തുടങ്ങി." (6:7b). "ശിഷ്യർ പുറപ്പെട്ട്, ജനങ്ങളോട് പ്രസംഗിച്ചു" (6:12). അങ്ങനെയെങ്കിൽ പ്രേഷിതദൗത്യം - സുവിശേഷ പ്രഘോഷണം - അടഞ്ഞ മുറിക്കുള്ളിലിരുന്നുള്ള ശുശ്രൂഷയല്ല, അത് പുറത്തേയ്ക്കിറങ്ങിയുള്ള ശുശ്രൂഷയാണെന്ന് മർക്കോസ് വിവക്ഷിക്കുന്നു.

മർക്കോസ് എഴുതിയ സുവിശേഷത്തിൽ യേശു നല്കുന്ന പ്രഘോഷണ ദൗത്യത്തിൽ പോകുക, അഥവാ പോയി എന്ന പദം സൂചിപ്പിക്കുന്ന ചലനാത്മകത, എന്തിനുവേണ്ടിയാണെന്നും സുവിശേഷകൻ വ്യക്തമാക്കുന്നു. എന്തിനു വേണ്ടി ശിഷ്യർ ചലനാത്മകരാകേണ്ടതെന്ന് വ്യക്തമാണ്: സുവിശേഷം പ്രഘോഷിക്കാൻ വേണ്ടിയാണ് ശിഷ്യർ യാത്ര ചെയ്യേണ്ടത്. ശിഷ്യരുടെ ഈ സുവിശേഷ യാത്ര "എല്ലാ സൃഷ്ടികളിലും" എത്തിക്കുന്നതിലാണ് ലക്ഷ്യം കൈവരിക്കുന്നത്. ലോകമെമ്പാടുമുള്ള സൃഷ്ടവസ്തുക്കളോട് രക്ഷാകര സന്ദേശം - സുവിശേഷം - പ്രഘോഷിക്കുന്നതിനുവേണ്ടിയാണ് ശിഷ്യർ ചലിക്കേണ്ടത്, സഞ്ചരിക്കേണ്ടത്. അങ്ങനെ സുവിശേഷപ്രഘോഷണത്തിന് ഒരു സാർവ്വത്രികത കൈവരുന്നു. ക്രിസ്തുശിഷ്യർ നിരന്തരം പ്രവർത്തന നിരതരാകേണ്ടവരാണ്. യേശുവിന്റെ സ്വർഗാരോഹണവും രണ്ടാം വരവും രണ്ട് അറ്റങ്ങളാണ്. ഇതിനിടയിലാണ് ക്രിസ്തുശിഷ്യരുടെ ക്രിയാത്മകതയുടെ പ്രസക്തി. ലോകത്തെല്ലായിടത്തും യേശുവിന്റെ ദൗത്യം എത്തിക്കുവാനുള്ള പരിശ്രമമാണ് നമ്മുടെ മുമ്പിൽ ഉയരുന്ന വെല്ലുവിളി.

നീർച്ചാലുകൾ

ഫാ. ഇമ്മാനുവേൽ

പന്തക്കുസ്താ തിരുനാൾ (മെയ് 23)

# പന്തക്കൂസ്തായിലെ പരമചൈതന്യം

അപ്പോ. 2:1-11 | 1 കൊറി. 12: 3-7 | യോഹ. 20: 19-23



"ഇവയെല്ലാം വരാനിരിക്കുന്നവന്റെ പ്രതിഛായകൾ മാത്രം;
യാഥാർത്ഥ്യമാകട്ടെ ക്രിസ്തുവും"
(കൊള. 2:17)

നിസാൻ മാസത്തിലെ പുറപ്പാടിന്റെ രണ്ടാം ദിവസത്തിന് ശേഷം അമ്പതാം ദിവസമാണ് യഹൂദന്മാർ "വിളവെടുപ്പിന്റെ പെരുന്നാൾ" അഥവാ "ആദ്യഫല സമർപ്പണപ്പെരുന്നാൾ" ആഘോഷിച്ചിരുന്നത്. അപ്പസ്തോലന്മാർ പതിവുപോലെ ഈ തിരുനാൾ ആഘോഷിക്കാൻ ജറുസലേമിൽ ഒന്നിച്ചുകൂടി. ഈ ഒത്തുചേരൽ ഒരു പുതിയ വിളവെടുപ്പിന്റെ ഉത്സവമായി മാറുകയാണ്. പഴയ പുറപ്പാടിന്റെ സ്ഥാനത്ത് യേശുവിന്റെ പെസഹാരഹസ്യങ്ങളിലൂടെ കടന്നുപോയ പുതിയ പുറപ്പാട്... പഴയ വിളവെടുപ്പിന്റെ സ്ഥാനത്ത് പരിശുദ്ധാത്മാവരങ്ങളുടെ പുതിയ വിളവെടുപ്പ്... പഴയ ജെറുസലേമിന്റെ സ്ഥാനത്ത് പുതിയ ജറുസലേം ആയ സഭയുടെ ഉദ്ഘാടനം... ഭാഷകൾ ഭിന്നിക്കപ്പെട്ട പഴയ ബാബേൽ ഗോപുരത്തിന്റെ സ്ഥാനത്ത് ഭാഷകളും സംസ്കാരങ്ങളും ഒന്നിക്കുന്ന പുതിയ കൂട്ടായ്മ...

പൗരസ്ത്യസഭകളിൽ പന്തക്കുസ്താ തിരുനാൾ ആഘോഷിച്ചിരുന്നതായി രണ്ടാം നൂറ്റാണ്ടിൽ Epistola Apostolarum എന്ന ഗ്രന്ഥത്തിലും 3-ാം നൂറ്റാണ്ടിൽ സഭാപിതാക്കന്മാരായ അലക്സാണ്ട്രിയായിലെ ഒരിജനും കാർത്തേജിലെ തെർത്തൂല്യാനും വിവരിക്കുന്നുണ്ട്. പഴയ നിയമത്തിലെ പന്തക്കൂസ്ത ആദ്യ ഉടമ്പടിയുടെ ഓർമ്മയാചരണമാണെങ്കിൽ, പുതിയ പന്തക്കൂസ്ത പുതിയ ഉടമ്പടി നൽകപ്പെട്ടതിന്റെ ഓർമ്മയാചരണമാണ്.

ലേവ്യ. 23:17 ൽ ഇസ്രായേല്യരുടെ പന്തക്കൂസ്താ കർത്താവിന് ആദ്യഫലങ്ങൾ സമർപ്പിക്കപ്പെട്ടതിന്റെ സൂചനയാകുമ്പോൾ, റോമ: 8:23 ൽ പുതിയ പന്തക്കൂസ്ത സഭയ്ക്ക് ആത്മാവിന്റെ ആദ്യഫലങ്ങൾ നൽകിയതിന്റെ ഓർമപ്പെടുത്തലാണ്... പുറപ്പ. 19:9 ൽ സീനായിൽവച്ച് മോശയ്ക്ക് നിയമം നൽകപ്പെട്ടപ്പോൾ കന

ത്തമേഘവും കാഹളധ്വനിയും ചൂളയിൽ നിന്നെന്നപോലെ അവിടെ നിന്ന് പുകയും ഉയർന്നുകൊണ്ടിരുന്നു. അവിടെ നിന്നുകൊണ്ട് ദൈവം സംസാരിച്ചുവെന്ന് സൂചിപ്പിക്കുമ്പോൾ, അപ്പ. പ്രവ 2:2 ൽ ജറുസലേമിൽ, പന്തക്കൂസ്താ ദിനത്തിൽ എല്ലാവരും ഒരുമിച്ചുകൂടിയിരിക്കുമ്പോൾ കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ശബ്ദം ആകാശത്തുനിന്നുണ്ടാവുകയും അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളുടെമേൽ വന്നുനിൽക്കുന്നതായും അവർ കണ്ടു... കല്പനകൾ വാങ്ങുവാൻ മോശ സീനായ് മലയിലേക്ക് പോയി. നൽകപ്പെട്ട പ്രമാണങ്ങൾ യഹൂദർ അനുസരിച്ചപ്പോൾ അവർ ദൈവദാസരായിത്തീർന്നു, അതുപോലെ, ക്രിസ്തു സ്വർഗാരോഹണം ചെയ്ത്, പന്തക്കൂസ്തായിൽ പരിശുദ്ധാത്മാവിനെ അപ്പോസ്തലന്മാർക്ക് നൽകി. അവർ സ്വീകരിച്ച് ക്രിസ്തുവിന്റെ സാക്ഷികളുമായി...

ജറമിയാ പ്രവാചകനിലൂടെ പറയപ്പെട്ട പുതിയ ഉടമ്പടി (31:31-34) അന്ത്യ അത്താഴവേളയിൽ യേശു സ്ഥാപിച്ചു. ആ പുതിയ ഉടമ്പടി പ്രഘോഷിക്കാൻ അപ്പസ്തോലൻമാരുടെ മേൽ പരിശുദ്ധാത്മാവിനെ അയയ്ക്കുകയായിരുന്നു. യഹൂദർ, ദൈവം നൽകിയ വിളവുകളുടെ സമൃദ്ധിയിൽ ആന്ദിച്ചുവെങ്കിൽ സഭ, പന്തക്കൂസ്തായിൽ പുതുജന്മം പ്രഖ്യാപിച്ച ആത്മാക്കളുടെ സമൃദ്ധിയിൽ ആനന്ദിച്ചു. പഴയ നിയമത്തിൽ നൽകപ്പെട്ടതെല്ലാം അതിന്റെ പൂർണതയിലേക്കും യാഥാർത്ഥ്യത്തിലേക്കും വെളിപ്പെട്ടത് ക്രിസ്തുവിലൂടെയാണ്. അതുകൊണ്ടാണ് കൊളോ 2:17 ൽ നാം വായിക്കുക: "ഇവയെല്ലാം വരാനിരിക്കുന്നവന്റെ പ്രതിച്ഛായകൾ മാത്രം; യാഥാർത്ഥ്യമാകട്ടെ ക്രിസ്തുവും" എന്ന്. ആത്മാവ് നിറയ്ക്കുന്നത് സ്നേഹമാണ്. സ്നേഹത്തിൽ ജ്വലിക്കാൻ ആത്മാഭിഷേകം ചെയ്യപ്പെടാൻ ഉള്ളും ഉടലും ഒരുക്കാം.

ഒരു ജ്ഞാനി മൊഴിഞ്ഞത്രേ... മനുഷ്യനിലെ ഏറ്റവും മഹത്തായ മരുന്ന് സ്നേഹവും വാത്സല്യവുമാണ്.

ഒരു മനുഷ്യൻ ചോദിച്ചു: അപ്പോൾ അത് പ്രവർത്തിക്കാതായാലോ?

ജ്ഞാനി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞുവത്രേ- അതിന്റെ ഡോസ് ദിനവും കൂട്ടിക്കൊണ്ടേയിരിക്കുക !





**കോവിഡ് മഹാമാരിയിൽ നിന്നും മനുഷ്യരാശിയെ രക്ഷിക്കുന്നതിന് പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥവും സംരക്ഷണവും യാചിച്ചുകൊണ്ട് മേയ് മാസത്തിലുടനീളം കുടുംബങ്ങളിലും കൂട്ടായ്മകളിലും ജപമാല ചൊല്ലാൻ ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനം.**

**എല്ലാ ബി സി സി യൂണിറ്റുകളിലെയും കുടുംബങ്ങൾ മേയ് മാസം മുഴുവൻ സന്ധ്യാപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകണം.**

# വചനജ്വാല

**2021 മെയ് മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

# പ്രാർഥനയിലും കരുണയിലും വളരുന്ന കുടുംബങ്ങൾ



### 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/നാഥ

### 3. യേശുവിനെ ക്ഷണിക്കൽ

കുടുംബങ്ങൾ രക്ഷ പ്രാപിക്കാൻ കർത്താവായ യേശുവിൽ വിശ്വസിക്കുക എന്ന പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം സ്മരിക്കാം. യേശുവിലുള്ള വിശ്വാസം ഓരോ കുടുംബങ്ങളും ആഴപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യുകവഴി, കുടുംബങ്ങൾ നന്മയിൽ വളരുകയും അനുദിനം നവീകൃതരായി വിശുദ്ധിയിൽ വളരാൻ ഈശോയെ ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം...

### 4. വചനഗീതി

### 5. ദൈവവചന പാരായണം

**മത്തായി 25. 31-40**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

### 6. വചനവിചിന്തനം

ഓരോ മനുഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത് നിത്യരക്ഷ കണ്ടെത്തുന്നതിനും അതിലേക്ക് കടക്കുന്നതിനുമാണ്. ഈ രക്ഷ എങ്ങനെ കണ്ടെത്താം അല്ലെങ്കിൽ നേടാം എന്ന് നാം കേട്ട വചനഭാഗം നമ്മെ പഠിപ്പിക്കുന്നു. ഓരോരുത്തരും തങ്ങൾ സ്വീകരിച്ച വിളിയിലായിരുന്ന് കൊണ്ട് തന്നെ നിത്യരക്ഷയിലേക്ക് കടന്നുവരാനാകും. കുടുംബജീവിതം നയിക്കുന്നവർക്ക് വിശുദ്ധിയിലേക്കും രക്ഷയിലേക്കും കടന്നുവരാനായി കുടുംബമല്ലാതെ മറ്റ് മാർഗ്ഗമില്ല. കുടുംബമെന്നാൽ അപ്പനും അമ്മയും മക്കളും മാത്രമടങ്ങിയ ഒന്നല്ല, മറിച്ച് അപ്പനും അമ്മയും മക്കളും മുത്തശ്ശനും മുത്തശ്ശിയും ബന്ധുമിത്രാദികളും അയൽവാസികളും ചേർന്ന വിശാലമായ ഒരു കൂട്ടായ്മയെന്നാണ് ഫ്രാൻസിസ് പാപ്പ നമ്മെ പഠിപ്പിക്കുന്നത്. ഇവരെല്ലാവരുടെയും സന്തോഷമാണ് കുടുംബത്തിന്റെ സന്തോഷം, ഇവരെല്ലാവരുടെയും രക്ഷയാണ് ആത്യന്തിക രക്ഷ.

ആരാണ് എന്റെ അയൽക്കാരൻ എന്ന ചോദ്യത്തിന് യേശു നൽകുന്ന ഉത്തരമാണ് നല്ല സമരിയാക്കാരന്റെ ഉപമ. നമ്മുടെ കൺമുന്നിൽ നിൽക്കുന്ന ആവശ്യക്കാരനാണ് എന്റെ അയൽക്കാരൻ. അവന്റെ ആവശ്യങ്ങൾ നിറവേറ്റുമ്പോഴാണ് നാം അവനെ നേടുന്നത്. ഒരു മനുഷ്യൻ തന്റെ ജീവിതത്തിൽ എത്രത്തോളം അയൽക്കാരനെ സ്വന്തമാക്കുന്നുവോ അത്രത്തോളം അവൻ രക്ഷയിലേക്ക് വളരുന്നു, മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ അത്രത്തോളം അവൻ ദൈവത്തിന്റെ വലതുഭാഗത്ത് അവനോടൊപ്പം ചേർന്ന് നിൽക്കുന്നു. നമ്മുടെ കൺമുന്നിൽ വരുന്ന വിശക്കുന്നവരും, ദാഹിക്കുന്നവരും, പരദേശിയും, ദാഹാർത്തരും, നഗ്നരും, രോഗികളും, കാരാഗൃഹവാസികളും ചുരുക്കത്തിൽ സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവരെല്ലാം നമ്മുടെ അയൽക്കാരാണ്, അവർ ദൈവത്തിന്റെ പ്രതിരൂപങ്ങളാ

ണ്. ഇവരെ നമുക്ക് കാണാനാവുന്നില്ലെങ്കിൽ, ഇവരുടെ സ്വരം കേൾക്കാനാവുന്നില്ലങ്കിൽ, ഇവർക്ക് വേണ്ടത് നൽകാനാവുന്നില്ലെങ്കിൽ നമ്മുടെയുള്ളിൽ ക്രിസ്തു ഇതുവരെ രൂപപ്പെട്ടിട്ടില്ല എന്നാണർത്ഥം. ഒരു വ്യക്തിയുടെ അല്ലെങ്കിൽ കുടുംബത്തിന്റെ വളർച്ച എന്നത് എത്രമാത്രം സമ്പത്ത് നേടി എന്നതിലോ എത്രമാത്രം ഭൗതീക സൗകര്യങ്ങൾ നേടി എന്നതിലോ അല്ല, മറിച്ച് എത്രപേരുടെ വിശപ്പകറ്റി, ദാഹമകറ്റി, എത്രപേരെ ഉടുപ്പിച്ചു, ശുശ്രൂഷിച്ചു, സാന്ത്വനമേകി എന്നതിനെ ആശ്രയിച്ചാണ്. നാമും നമ്മുടെ കുടുംബങ്ങളും ഇനിയും ക്രിസ്തു ദർശനത്തിലേക്ക് വളരേണ്ടിയിരിക്കുന്നു. ക്രിസ്തു ഉള്ളിലുള്ളവർക്കേ മറ്റൊരു ക്രിസ്തുവാകാനും ക്രിസ്തുവിന്റെ പ്രതിരൂപങ്ങളായ സമൂഹത്തിലെ താഴെതട്ടിലുള്ളവരെ തിരിച്ചറിയാനും സാധിക്കൂ. എങ്ങനെയാണ് ക്രിസ്തു നാമോരോരുത്തരുടെയും ഉള്ളിൽ രൂപം കൊള്ളുന്നത്? അതിനൊരു ഉത്തരമേയുള്ളൂ പ്രാർത്ഥന. നമുക്ക് ചാരെ ക്രിസ്തു എപ്പോഴുമുണ്ട്. പ്രാർത്ഥനയാകുന്ന താക്കോൽ കൊണ്ട് നമ്മുടെ ഹൃദയ കവാടങ്ങളെ തുറന്ന് കൊടുക്കേണ്ട ആവശ്യമേയുള്ളൂ. ക്രിസ്തുവാകുന്ന പ്രകാശം ഉള്ളിൽ ജ്വലിക്കണം. പലപ്പോഴും വ്യക്തി ജീവിതങ്ങളും കുടുംബജീവിതങ്ങളും അന്ധകാരത്തിലാകുന്നതിന്റെ പ്രധാന കാരണവും ക്രിസ്തുവാകുന്ന പ്രകാശം ഇല്ലാത്തതാണ്.

വിശുദ്ധ മദർ തെരേസ നമ്മെ ഓർമ്മിപ്പിക്കുന്നു: ഒന്നിച്ച് പ്രാർത്ഥിക്കുന്ന കുടുംബം അവസാനം വരെ ഒന്നിച്ചുണ്ടാകും എന്ന്. പ്രാർത്ഥനയാണ് നമ്മെ ദൈവവുമായി ബന്ധിപ്പിക്കുന്ന കണ്ണി. പ്രാർത്ഥനയുടെ ഈ പ്രാധാന്യം മനസ്സിലാക്കിയാണ് കുടുംബങ്ങളിൽ "മാധ്യമ മുക്ത കുടുംബ മണിക്കൂർ" പാലിക്കാൻ തിരുവനന്തപുരം അതിരൂപത കുടുംബ ശുശ്രൂഷ നമ്മോട് ആവശ്യപ്പെടുന്നത്. കുടുംബത്തിലെ എല്ലാ അംഗങ്ങളും എല്ലാ ദിവസവും ഒരു മണിക്കൂർ ദൃശ്യ-ശ്രാവ്യ ഡിജിറ്റൽ മാധ്യമങ്ങൾ ഓഫ് ചെയ്ത് ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കണം...ഭക്ഷിക്കണം...സ്നേഹസംഭാഷണം നടത്തണം. നമ്മുടെ അത്താഴമേശകൾ സ്നേഹം വിളമ്പുന്ന കൂട്ടായ്മയുടെ ദൈവീകാനുഭവത്തിലേക്ക് വളരണം. അങ്ങനെ പ്രാർത്ഥനയിലൂടെയും കൂട്ടായ്മയിലൂടെയും പങ്കുവയ്ക്കലിലൂടെയും സ്നേഹത്തിൽ വളർന്ന് കുടുംബാംഗങ്ങളിൽ ക്രിസ്തു രൂപപ്പെടണം, അതായത് കുടുംബങ്ങൾ വിശുദ്ധിയിൽ വളർന്ന് യേശു ജീവിച്ച് വളർന്ന തിരുകുടുംബം പോലെയാകണം. ഓരോ ഇടവകയിലെയും കുടുംബങ്ങളുടെ ദൈവീകമായ ഈ വളർച്ച ആ ഇടവകയെ ദൈവീക സഭകളാക്കി മാറ്റുന്നു. അപ്പോൾ ഇടവകകളിൽ വിശക്കുന്നവരായോ ദാഹിക്കുന്നവരായോ സാന്ത്വനം ലഭിക്കാത്ത രോഗികളായോ അടിസ്ഥാന സൗകര്യം ലഭിക്കാത്തവരായോ ആരും തന്നെയുണ്ടാവില്ല. അതെ, പ്രാർത്ഥനയിൽ വളർന്ന് ക്രിസ്തു വസിക്കുന്ന കുടുംബങ്ങൾ നമുക്ക് രൂപപ്പെടുത്താം... കാരുണ്യപ്രവർത്തികളിലൂടെ നമുക്ക് മറ്റൊരു ക്രിസ്തുവായി മാറാൻ ശ്രമിക്കാം.

## 7. ചർച്ച

1) നമ്മുടെ യൂണിറ്റിൽ എങ്ങനെ എല്ലാ കുടുംബവും മാധ്യമ മുക്ത കുടുംബ മണിക്കൂർ ആചരിക്കും? ഒരു പ്രത്യേക സമയം തീരുമാനിക്കാൻ കഴിയുമോ?

2) നമ്മുടെ യൂണിറ്റിൽ ക്ഷതം വന്നവർക്ക് (ദരിദ്രർ, രോഗികൾ, ആശ്രയമില്ലാതെ ഒറ്റപ്പെട്ട് കഴിയുന്നവർ....) എങ്ങനെ നമുക്ക് പരിചരണം നൽകാൻ സാധിക്കും?

3) സാന്ത്വനം മംഗല്യം, ആലംബഹീനരായി ഒറ്റപ്പെട്ട് കഴിയുന്നവർ, രോഗികൾ എന്നിവർക്ക് അതിരൂപത ചെയ്യുന്നപോലെ കാരുണ്യ പദ്ധതികൾ ഇടവകയിൽ തുടക്കം കുറിക്കാനുള്ള നിർദ്ദേശങ്ങൾ നൽകാൻ കഴിയുമോ? വിശപ്പില്ലാത്ത ഇടവകയായി നമ്മുടെ ഇടവകയെ പ്രഖ്യാപിക്കാൻ കഴിയുമോ? ചർച്ച ചെയ്യുക.

## 8. റിപ്പോർട്ട്

## 9. ഹാജർ

## 10. പൊതു അറിയിപ്പ്

## 11. വിശ്വാസികളുടെ പ്രാർത്ഥന

## 12. സമാപനഗാനം

## 13. നന്ദി

*തയ്യാറാക്കിയത്:*

**ഫാ. ജോൺ എ. ആർ.**

കുടുംബ ശുശ്രൂഷാ ഡയറക്ടർ

**ഫാ. സുരേഷ് പയസ്**

ബിസിസി എക്സി. സെക്രട്ടറി

തിരു. അതിരൂപത



# നവ വൈദികർക്ക് അനുമോദനങ്ങൾ



*നവവൈദികർ ഇടത്തുനിന്ന്: (മുൻനിര) ബിജോ ബർണാർഡ് (പുതിയതുറ), ജോസ് മോൻ ബെഞ്ചമിൻ (പുല്ലുവിള), ഷൈജു ബർക്കുമാൻ (പൂവാർ), ബിജോയ് കെ.സി. (കണ്ണാന്തുറ), പിൻനിരയിൽ: ജോൺ ആശീർവാദം (പുതിയതുറ), വർഗീസ് ജോസഫ് (നെട്ടയം), ബാബുരാജ് എൽ. (പൂന്തുറ), സ്റ്റെലിൻ (വള്ളവിള).*

## ഡീക്കൻപട്ടം സ്വീകരിച്ചവർ



*പ്രമോദ് സേവ്യർ (വലിയതുറ)*



*റോബിൻ ബാൽഡിൻ (അഞ്ചുതെങ്ങ്)*



*വിനീത് പോൾ (പുല്ലുവിള)*



*ടിനു (സൗത്തുകൊല്ലംകോട്),*



*നിതേഷ് വിൻസെന്റ് (നീരോടി)*

## തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക് 8 വൈദികർകൂടി

**തിരുവനന്തപുരം:** തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്കുവേണ്ടി ഡീക്കന്മാരായ ബിജോ ബർണാർഡ് (പുതിയതുറ), ജോസ് മോൻ ബെഞ്ചമിൻ (പുല്ലുവിള), ഷൈജു ബർക്കുമാൻ (പൂവാർ), ബിജോയ് കെ.സി. (കണ്ണാന്തുറ), ജോൺ ആശീർവാദം (പുതിയതുറ), വർഗീസ് ജോസഫ് (നെട്ടയം), ബാബുരാജ് എൽ. (പൂന്തുറ), സ്റ്റെലിൻ (വള്ളവിള) എന്നിവർ ശുശ്രൂഷാപട്ടം സ്വീകരിച്ച് വൈദികരായി. പുല്ലുവിള സെന്റ് ജേക്കബ്സ് ഫെറോന ദേവാലയത്തിൽ വച്ച് ഡീക്കന്മാരായ ബിജോ ബെർണാഡ്, ജോസ്മോൻ ബെഞ്ചമിൻ, ഷൈജു ബെർക്കുമാൻ, ജോൺ ആശീർവാദം എന്നിവരും കണ്ണാന്തുറ സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ വച്ച് ഡീക്കന്മാരായ ബിജോയ് കെ.സി., വർഗീസ് ജോസഫ്, ബാബുരാജ് എൽ എന്നിവരും വള്ളവിള സെന്റ്മേരീസ് ദേവാലയത്തിൽവച്ച് ഡീക്കൻ സ്റ്റെലിനും അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. വൈദികാർഥികളായ പ്രമോദ് സേവ്യർ, റോബിൻ ബാൽഡിൻ, വിനീത് പോൾ, ടിനു, നിതേഷ് വിൻസന്റ് എന്നിവർ ഡീക്കൻ പട്ടവും സ്വീകരിച്ചു. ചടങ്ങിൽ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. സെന്റ് വിൻസന്റ്സ് സെമിനാരി റെക്ടർ ഫാ. ആൻഡ്രൂസ് കോസ്മോസ് എന്നിവർ സഹകാർമികരായിരുന്നു.

ജെ.സി



# കോവിഡ്കാല വിദ്യാഭ്യാസം: വെല്ലുവിളികൾ

കോവിഡ് മഹാമാരിമൂലമുള്ള ഇപ്പോഴത്തെ വിദ്യാഭ്യാസരംഗം നമുക്കെല്ലാ പേർക്കും ആശങ്കയുണ്ടാക്കുന്ന ഒന്നാണ്. വിദ്യാർഥികൾക്ക് അവരുടെ അധ്യാപകരുമായി മുഖാമുഖം സംവദിക്കാനുള്ള അവസരവും സഹപാഠികളുമായുള്ള പാരസ്പര്യവും നഷ്ടമായതാണ് ഇതിന് പ്രധാന കാരണം. ഏതൊരു പഠനത്തിനും ഇത് പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഓൺലൈനിലൂടെയും ടെലിവിഷൻ ചാനലിലൂടെയും വിദ്യാഭ്യാസം പകരുന്ന രീതി സിലബസ് പ്രകാരമുള്ള പാഠങ്ങൾ ഒരുപരിധിവരെ പൂർത്തീകരിക്കുന്നുണ്ടാവും. പക്ഷേ അതിനിടെ നഷ്ടമാകുന്ന ഒരുപാട് കാര്യങ്ങൾ തിരിച്ചറിയാതെ പോകരുത്. പലകാല ഘട്ടങ്ങളിലൂടെ വിദ്യാഭ്യാസ കാഴ്ചപ്പാടിൽ വന്ന വിപ്ലവാത്മക ചിന്തയുടെ ഭാഗമായാണ് വിദ്യാഭ്യാസം വിദ്യാർഥികേന്ദ്രീകൃതവും പ്രവർത്തന കേന്ദ്രീകൃതവുമായി മാറിയത്. വിദ്യാഭ്യാസത്തിലും അധ്യാപകരുടെ പങ്കിലും മൂല്യങ്ങളിലും എത്രയോ മാറ്റം വന്നിരിക്കുന്നു. കുട്ടിയുടെ വികാസം നടക്കുന്നത് പഠന പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലൂടെയാണെന്നതും വിസ്മരിക്കാൻ പാടുള്ളതല്ല. കുട്ടികൾക്ക് അവരുടെ ബാല്യം നഷ്ടപ്പെടുന്നു. കൂട്ടുകാരോടൊപ്പം ചിരിച്ചും കളിച്ചും കുട്ടിത്തത്തിന്റെ കുസൃതികൾ ആഘോഷിക്കേണ്ടവർ ഒരു സ്ക്രീനിൽ തളക്കപ്പെട്ടപ്പോൾ ഒത്തിരി കുട്ടികൾ മാനസികസമ്മർദ്ദങ്ങൾക്കും അപഥസഞ്ചാരത്തിനും അടിമപ്പെട്ടുപോയി. സമൂഹത്തിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും വേർപെട്ട് ഏകാന്തമായ ഒരു ലോകത്ത് കുട്ടികൾ തളയ്ക്കപ്പെട്ടത് ഈ കോവിഡ് കാലത്തിലാണ്.

കോവിഡിന്റെ പശ്ചാത്തലത്തിൽ സാധ്യമാകുന്ന വിദ്യാഭ്യാസ രീതിയിൽ നിന്ന് കുട്ടികളുടെ നഷ്ടങ്ങളെ എങ്ങനെ വീണ്ടെടുക്കാനാവും എന്നാണ് ചിന്തിക്കേണ്ടത്. മാതാപിതാക്കൾക്ക് ഇക്കാര്യത്തിൽ വലിയൊരു പങ്കുണ്ട്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മാതാപിതാക്കളുടെ കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട സഹായം ചെയ്തുകൊടുക്കാൻ പൊതുസമൂഹത്തിനു ഉത്തരവാദിത്വമുണ്ട്. ഏകാന്തതയും വേദനകളും മറികടക്കാൻ സർഗാത്മക പ്രവർത്തനങ്ങൾക്ക് കഴിയുമെന്നത് സമകാലിക അനുഭവങ്ങൾ വ്യക്തമാക്കുന്നു. കല, സാഹിത്യം, വായന, പാചകം, കൃഷി, ബ്ലോഗിംഗ് എന്നീ മേഖലകളിൽ കുട്ടികൾ സജീവമായിരുന്നുവെന്നത് ശ്രദ്ധേയം തന്നെയാണ്.

കോവിഡാനന്തര കാലഘട്ടത്തിൽ പഴയ വിദ്യാഭ്യാസ സമ്പ്രദായ രീതികൾക്ക് ഇനി പ്രസക്തിയില്ലെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. സാങ്കേതികവൽക്കരണത്തിന്റെ സമൂലമായ പ്രയോജനം സമൂഹത്തിൽ പ്രാന്തവൽക്കരിക്കപ്പെടുന്ന മുഴുവൻ ജനങ്ങൾക്കും ലഭ്യമാകുന്നതരത്തിലുള്ള സമീപനം സർക്കാരും പൊതുസമൂഹവും ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ഭാവി സമൂഹം എങ്ങനെയായിരിക്കണം എന്ന കാഴ്ചപ്പാടിൽ നിന്നാണ് വിദ്യാഭ്യാസ പ്രക്രിയയുടെ ഗതി നിർണയിക്കപ്പെടുന്നത്. മൂല്യവിചാരം, ഉത്തരവാദിത്വബോധം, സാമൂഹ്യ പ്രതിബദ്ധത, ജീവിതലാളിത്തം എന്നവ ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹത്തെയാണ് നാം വാർത്തെടുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ അതിനനുസൃതമായ പഠനാനുഭവങ്ങൾ കുട്ടികൾക്ക് നൽകേണ്ടതുണ്ട്. അധ്യാപനത്തിന്റെയും പഠനത്തിന്റെയും എല്ലാ മേഖലകളിലും കൂടുതൽ അധ്യാപകവിദ്യാർഥി പങ്കാളിത്തവും തീവ്രമായ തയ്യാറെടുപ്പുകളും ഉണ്ടെങ്കിൽ പ്രതികൂലഘടകങ്ങളെ ഒരുപരിധിവരെ മാറ്റാൻ നമുക്ക് സാധിക്കും. നല്ലതിനായി നമുക്ക് കാത്തിരിക്കാം.

Total Page 24
Pub. Date : 01.05.2021
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00


# Jubilee Memorial Hospital

## Latin Archdiocese of Trivandrum

CARDIAC CATHLAB



ANGIOGRAM, ANGIOPLASTY

Little Flower College of Nursing




College Code - JBN.




- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org


Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto